III ഇ.ബി. XII-കേരള നിയമസഭ /V-11

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

## 2007 ജൂലായ് 9, തിങ്കൾ

നിയമസഭ രാവിലെ **9.00** മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**ചരമോപചാരം**

മുൻ പ്രധാനമന്ത്രി എസ്. ചന്ദ്രശേഖറുടെ നിര്യാണം സംബന്ധിച്ച റഫറൻസ്

ഇൻഡ്യയുടെ പതിനൊന്നാമത് പ്രധാനമന്ത്രിയായിരുന്ന എസ്. ചന്ദ്രശേഖറുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണൻ റഫറൻസ് നടത്തുകയും അനുശോചനം രേഖപ്പെടുത്തു കയും ചെയ്തു.

മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ, മന്ത്രിമാരായ സർവ്വശ്രീ സി. ദിവാകരൻ, റ്റി. യു. കുരുവിള, എൻ. കെ. പ്രേമചന്ദ്രൻ, പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻചാണ്ടി, സർവ്വശ്രീ തോമസ് ചാഴികാടൻ, കെ.പി. മോഹനൻ, സി.ടി. അഹമ്മദ് അലി, കെ. കെ. ഷാജു, രാമചന്ദ്രൻ കടന്നപ്പള്ളി, എ. കെ. ശശീന്ദ്രൻ, പി. സി. ജോർജ് എന്നീ അംഗങ്ങളും അനുശോചനം രേഖപ്പെടുത്തി സംസാരിച്ചു.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു).

2007 ജൂലായ് മാസം 10-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.30-ന് പിരിഞ്ഞു.

..........